# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6632** **09.07.2014- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ**<br>**ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീമതി. കെ.എസ്. സലീഖ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ചെറുകിട വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്.<br>വ്യവസായ വാണിജ്യ ഡയറക്ടേറ്റ്, കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി തുടങ്ങിയ ഏജൻസികൾ മുഖേന പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| സി) ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | സി) ഉണ്ട്.<br>ചെറുകിട വ്യവസായങ്ങൾക്ക് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട്-കളിൽ സ്ഥലത്തിന്റെ ലഭ്യതയും നിലവിലുള്ള മാനദണ്ഡങ്ങളും അനുസരിച്ച് ഭൂമി നൽകിവരുന്നു. കൂടാതെ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, സിഡ്കോ തുടങ്ങിയ ഏജൻസികളുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഭൂമി അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഇതിനുള്ള ഭൂമി ഏത് മേഖലയിൽ നിന്ന് കണ്ടെത്തി നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ; | ഡി) | ഒരു വ്യവസായത്തിന് ഭൂമി അനുവദിക്കുന്നതിന്, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വ്യവസായത്തിന്റെ സാമ്പത്തിക - സാങ്കേതിക സാദ്ധ്യതകൾ, അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത (ടെക്നിക്കൽ), പ്രസ്തുത മേഖലയിലെ പ്രവർത്തി പരിചയം, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി എന്നിവ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി അനുവദിക്കുമ്പോൾ പരിഗണിക്കാറുണ്ട്. ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകി ഭൂമി അനുവദിക്കുന്നത്. സിഡ്കോ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നീ ഏജൻസികൾ അവർ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമി അനുവദിക്കുന്നത്. |
| ഇ) | സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രതിസന്ധി കാരണം പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | ഇ) | പ്രതിസന്ധി കാരണം സംസ്ഥാനത്ത് ഏകദേശം 197 ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിക്കിടക്കുന്നതായി കണക്കാക്കുന്നു. |

**സെക്ഷൻ ഓഫീസർ**